പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 171 — 06.07.2015-ൽ മറുപടിക്ക്

## വോൾവോ എ.സി. ബസ്സുകളുടെ സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ :<br>" റോഷി അഗസ്റ്റിൻ :<br>ഡോ. എൻ. ജയരാജ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദീർഘദൂര സർവ്വീസുകളിൽ എ.സി ബസ്സുകളുടെ സേവനം എത്ര മാത്രം പ്രയോജനപ്പെടുത്താൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രധാന ദീർഘ ദൂര സർവ്വീസായ ബെംഗളൂരു സർവ്വീസി നാണ് നിലവിൽ 10 മൾട്ടി ആക്സിൽ എ.സി. ബസുകൾ ഉൾപ്പെടെ 13 വോൾവോ എ.സി. ബസുകൾ ഉപയോഗിച്ച് വരുന്നത്. യാത്രക്കാർക്ക് സുഖകരമായ യാത്ര പ്രദാനം ചെയ്യുവാൻ ഈ ബസ്സുകൾക്ക് കഴിയുന്നു. ഓൺലൈൻ റിസർവേഷൻ ഏർപ്പെടു ത്തിയിട്ടുള്ളത് യാത്രക്കാർക്ക് ഏറെ പ്രയോജനപ്രദമാണെന്നും കരുതുന്നു. |
| (ബി) | വോൾവോ ബസ്സുകളുടെ സർവ്വീസ് വർദ്ധിച്ചതുവഴി കോർപ്പ റേഷന്റെ വരുമാനത്തിൽ വർദ്ധ നവ് വന്നിട്ടുണ്ടോയെന്നു വ്യക്ത മാക്കുമോ ; | (ബി) | വോൾവോ ബസ്സുകളുടെ സർവ്വീസും കോർപ്പറേഷന്റെ വരുമാന വർദ്ധനക്ക് ഒരു കാരണമായി തീർന്നിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തൊട്ടാകെ ദീർഘദൂര സർവ്വീസുകൾക്ക് വോൾവോ എ.സി. ബസ്സുകളുടെ സേവനം കൂടുതലായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ സബ്സിഡിയറി കോർപ്പറേഷനായ കെ.യു.ആർ.ടി.സി ആദ്യ ഘട്ട JnNURM പദ്ധതിപ്രകാരം ലഭ്യമായ 80 ലോ ഫ്ളോർ വോൾവോ എ.സി. ബസു കളിൽ 14 എണ്ണം ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിന് ഉപയോഗിക്കുന്നുണ്ട്.<br>JnNURM രണ്ടാം ഘട്ട പദ്ധതി പ്രകാരം 110 ലോ ഫ്ളോർ വോൾവോ എ.സി. ബസു |

| | | | |
|---|---|---|---|
| | | | കൾക്ക് ഓർഡർ നൽകിയതിൽ നിരത്തിലിറക്കിയ 75 ബസുകളിൽ 48 എണ്ണം ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിച്ച് വരുന്നു. ശേഷിച്ച 35 ബസുകൾ കൂടി ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ എണ്ണം ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ